കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവാലി ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതി -ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ-സർക്കാർ എയ്ഡഡ് സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 189/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 29.01.2019

---

പരാമർശം :- 1. തിരുവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.11.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.6 നമ്പർ തീരുമാനം .

**ഉത്തരവ്**

തിരുവാലി ഗ്രാമപഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ എന്ന പദ്ധതി (പ്രോ.നമ്പർ101/19) പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകുന്നതിനുള്ള അനുമതിക്കായി തിരുവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച 'ടി കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവാലി ഗ്രാമപഞ്ചായത്തിലെ 2018-19 വാർഷിക പദ്ധതിയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ എന്ന പദ്ധതി പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകുന്നതിന് തിരുവാലി ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവാലി ഗ്രാമപഞ്ചായത്ത്,മലപ്പുറം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ